# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 428 – 29/11/2018 -ലെ മറുപടിക്ക്

## പ്രളയദുരന്തം സംസ്ഥാന സമ്പദ്ഘടനയിൽ ഉണ്ടാക്കിയ ആഘാതം

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു
ശ്രീ. സി.കെ. ഹരീന്ദ്രൻ
ശ്രീ. എ.എം. ആരിഫ്
ശ്രീ. പി.വി. അൻവർ

**ഉത്തരം**

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയദുരന്തത്തിന്റെ ഫലമായുണ്ടായ ആസ്തിനാശം, ഉപജീവന മാർഗ്ഗങ്ങളുടെ നാശം, വരുമാന നഷ്ടം തുടങ്ങിയവ സംസ്ഥാന സമ്പദ്ഘടനയിൽ ഉണ്ടാക്കിയ ആഘാതത്തിന്റെ വ്യാപ്തി കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | 2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ മുൻപില്ലാത്ത വിധമുള്ള മഴക്കെടുതിയും വെള്ളപ്പൊക്കവും വീടുകൾക്കും പൊതു അടിസ്ഥാന സൗകര്യങ്ങൾക്കും കാർഷിക വിളകൾ, കന്നുകാലികൾ, ഉപജീവന മാർഗ്ഗങ്ങൾ, കച്ചവടം, ആവാസ വ്യവസ്ഥ, ജൈവ വൈവിദ്ധ്യം മുതലായവയ്ക്കും ഭീകരമായ നാശനഷ്ടങ്ങൾ ഉണ്ടാക്കി. കേന്ദ്ര ധനകാര്യ മന്ത്രാലയം, ലോകബാങ്ക്, ഏഷ്യൻ ഡവലപ്പമെന്റ് ബാങ്ക് എന്നിവയിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ സംയുക്ത സംഘവും ഐക്യരാഷ്ട്രസഭാ ഏജൻസികളുടെ സഹകരണത്തോടു കൂടിയുള്ള സംഘവും സംസ്ഥാനത്ത് റാപ്പിഡ് ഡാമേജ് ആന്റ് നീഡ്സ് അസ്സസ്മെന്റ് (ആർ.ഡി.എൻ.എ)-യും പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസ്സസ്മെന്റ് (പി.ഡി.എൻ.എ)-യും നടത്തുകയുണ്ടായി. തുടർന്ന് ആർ.ഡി.എൻ.എ. റിപ്പോർട്ടും, പി.ഡി.എൻ.എ റിപ്പോർട്ടും പ്രകാരമുള്ള കണ്ടെത്തലുകൾ ലോക ബാങ്കും, ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കും സംസ്ഥാന സർക്കാരിനു മുമ്പാകെ സമർപ്പിക്കുകയുണ്ടായി. |

| | | |
|---|---|---|
| | | ആർ.ഡി.എൻ.എ. റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിനുണ്ടായ നഷ്ടം ഉദ്ദേശം 25050 കോടി രൂപയും പി.ഡി.എൻ.എ റിപ്പോർട്ട് പ്രകാരമുള്ള നഷ്ടം ഉദ്ദേശം 26996 കോടി രൂപയുമാണ്. |
| ബി | പുനർനിർമ്മാണത്തിന് ആവശ്യമായി വരുന്ന ഭീമമായ തുക കേന്ദ്ര സഹായത്തിന്റെ അഭാവത്തിൽ എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കുമോ; | കേന്ദ്ര സർക്കാർ / വിദേശ സഹായ ഏജൻസികളിൽ നിന്ന് പ്രതീക്ഷിക്കുന്ന വായ്പകൾക്കു പുറമേ സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി RIDF, NIDA, HUDCO എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന വായ്പയും LSGI വികസന ഫണ്ടിൽ നിന്നുള്ള തുകയും പദ്ധതി വെട്ടിച്ചുരുക്കുന്നതിലൂടെ ലഭിക്കുന്ന തുകയും വിനിയോഗിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| സി | പ്രളയാനന്തര പുനർനിർമ്മാണത്തിന് പണം കണ്ടെത്തുന്നതിന് ജി.എസ്.ടി.-യുടെ മേൽ സെസ് ചുമത്തുന്നതിനും വായ്പാ പരിധി ഉയർത്തുന്നതിനുമുള്ള ആവശ്യത്തിൻമേൽ കേന്ദ്രസർക്കാർ തീരുമാനം അറിയിച്ചിട്ടുണ്ടോ; | കേന്ദ്ര സർക്കാരിൽ നിന്ന് ഇതു സംബന്ധിച്ച തീരുമാനം ഇതുവരെ ലഭിച്ചിട്ടില്ല. |
| ഡി | കേന്ദ്രസർക്കാർ നയങ്ങളുടെയും നടപടികളുടെയും ഫലമായി ഉണ്ടായ സാമ്പത്തിക ഞെരുക്കം മറികടക്കുന്നതിനുള്ള ധനദൃഢീകരണ നടപടികളെ പ്രളയ നഷ്ടം എപ്രകാരം ബാധിക്കാനിടയുണ്ടെന്ന് അറിയിക്കാമോ? | പ്രളയ ദുരന്തം സംസ്ഥാന സമ്പദ്ഘടനയിൽ ഉണ്ടാക്കിയ ആഘാതം, നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികളെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട്. കൂടാതെ പ്രളയ ദുരന്തം കാരണം വിവിധ മേഖലകളിൽ ഉണ്ടായ അധിക ബാധ്യത, ചെലവ് ചുരുക്കലിനായി സർക്കാർ കൈക്കൊണ്ടു വരുന്ന നടപടികളെ പ്രതികൂലമായി ബാധിക്കാനും ഇടയുണ്ട്. |

**സെക്ഷൻ ഓഫീസർ**